# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/17915/2015 ചാക്ക, തിരുവനന്തപുരം 7

തീയതി:03/09/2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-- -ട്രെയിനിംഗ് ഡയറക്റ്ററേറ്റ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017 - -പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പ് - പ്രാക്ടിക്കൽ എക്സാമിനർമാരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നത് - -സംബന്ധിച്ച്

സൂചന:- (1) 14/06/2016 തിയതിയിലെ ജി1/17915/2015 നമ്പരായുള്ള ടി കാര്യാലയത്തിൽ നിന്ന് അയച്ച ചുറ്ററിയിപ്പ്

(2) 23/08/2016 തീയതിയിലെ ഡി.ജി.റ്റി. യിൽ നിന്നുള്ള എം.എസ്.ഡി.ഇ. 18012/05/എം.സി.എസ്./2016-- റ്റി.റ്റി.സി. നമ്പരായുള്ള കത്ത്

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പിനായി എക്സാമിനർമാരെ നിയമിക്കുന്നതിന് സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്ന എല്ലാ ജൂനിയർ ഇൻസ്ട്രക്ടർമാർ/ സീനിയർ ഇൻസ്ട്രക്ടർമാർ/ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ/ ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർ/ വൈസ് പ്രിൻസിപ്പാൾ മാർ/ പ്രിൻസിപ്പാൾ എന്നിവരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് സൂചന (1) പ്രകാരം എല്ലാ ഐ.ടി.ഐ./ബിറ്റി.സി./എ.വി.റ്റി.എസ് പ്രിൻസിപ്പാൾമാർക്കും ട്രെയിനിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല ഐ.ടി.ഐ./ ബി.റ്റി.സി./ എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർ, ട്രെയിനിംഗ് ഓഫീസർമാർ ടി വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

2017 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് വേണ്ടി എക്സാമിനർമാരെ നിയമിക്കുന്നത് എം.ഐ.എസ്. പോർട്ടൽ മുഖേനയാണെന്ന് ഡി.ജി.റ്റി. സൂചന (2) പ്രകാരം അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ എല്ലാ സർക്കാർ ഐ.ടി.ഐ /എ.വി.റ്റി.എസ്. /ആർ.ഐ. സെന്റർ/ബി.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും മറ്റ് സർക്കാർ/പൊതുമേഖല/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും ടി സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ അടിയന്തിരമായി എം.ഐ.എസ്. പോർട്ടലിൽ

രജിസ്റ്റർ ചെയ്യുവാൻ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ ജില്ലയിലും ടി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെ വിവരം ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. എക്സാമിനർമാരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. **ഐ.ടി.ഐ / ആർ.ഐ. സെൻറർ / എ.വി.റ്റി.എസ്. / ബി.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

- ഐ.ടി.ഐ. /ആർ.ഐ. സെൻറർ/ എ.വി.റ്റി.എസ്. /ബി.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾ / വൈസ് പ്രിൻസിപ്പാൾ / ട്രെയിനിംഗ് ഓഫീസർ /ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ /ജൂനിയർ അപ്രൻറീസ്ഷിപ്പ് അഡ്വൈസർമാർ /സീനിയർ ഇൻസ്ട്രക്ടർമാർ /ജൂനിയർ ഇൻസ്ട്രക്ടർമാർ എന്നീ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- **താൽക്കാലികമായി നിയമിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാർ, ഗസ്റ്റ് ഇൻസ്ട്രക്ടർമാർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതില്ല.**
- ഇപ്രകാരം വിവരങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ രജിസ്റ്റർ ചെയ്യുന്നതിന് സ്ഥാപനത്തിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, എസ്റ്റാബ്ലിഷ്മെൻ്റ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്ക് എന്നീ ഉദ്യോഗസ്ഥരെ രേഖാ മൂലം ചുമതലപ്പെടുത്തേണ്ടതും ടി ജോലികൾ സമയ ബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പാക്കേണ്ടതുമാണ്.
- രജിസ്റ്റർ ചെയ്ത വിവരങ്ങൾ അനുബന്ധ രേഖകൾ സഹിതം ജില്ലാതലത്തിൽ ചുമതലപ്പെടുത്തിയ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ സമർപ്പിക്കേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ ടി രേഖകളും രജിസ്റ്റർ ചെയ്ത വിവരങ്ങളും പരിശോധിച്ച് Approve ചെയ്യുന്നതാണ്. ഇപ്രകാരം Approve ചെയ്ത് കഴിയുമ്പോൾ രജിസ്റ്റർ ചെയ്ത ഓരോ ഉദ്യോഗസ്ഥർക്കും Unique ID ലഭിക്കുന്നതാണ്.

2. **എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി. എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

- ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാതല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ അവരുടെ ജില്ലയിൽ പ്രവർത്തിക്കുന്ന എസ്.സി.ഡി.ഡി. / എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ. കളിലെ ട്രെയിനിംഗ് സൂപ്രണ്ട്, ഇൻസ്ട്രക്ടർ എന്നീ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- **താൽക്കാലികമായി നിയമിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാർ, ഗസ്റ്റ് ഇൻസ്ട്രക്ടർമാർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതില്ല.**
- രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ രേഖകൾ സഹിതം ടി ഉദ്യോഗസ്ഥരോട് ജില്ലാതല നോഡൽ ഐ.ടി.ഐ. യിൽ ഹാജരാകുന്നതിന് നിർദ്ദേശം നൽകേണ്ടതും നോഡൽ ഐ.ടി.ഐ. യിൽ വച്ചു തന്നെ രജിസ്റ്റർ ചെയ്ത് Approve ചെയ്യേണ്ടതുമാണ്.

3. **External Examiner ആയി നിയമനം ലഭിക്കുന്ന സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും ടി സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

- **എക്സാമിനർമാരായി നിയമിക്കുന്നതിനുള്ള യോഗ്യത**

  - ബന്ധപ്പെട്ട എഞ്ചിനിയറിംഗ് മേഖലയിൽ ഡിഗ്രിയോ ഡിപ്ലോമ
  - കൂടാതെ 2/3 വർഷത്തെ പ്രവർത്തി പരിചയം
  - ഇവരുടെ അഭാവത്തിൽ സി.ടി.ഐ. ട്രെയിനിംഗ് പാസ്സായിട്ടുള്ളവർ

- സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്ന ടെക്നിക്കൽ ഉദ്യോഗസ്ഥരും മുകളിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾ നേടിയവരുമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

- ടി സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥരും മുകളിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾ നേടിയവരുമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്
- ഇപ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ കാണിച്ച് വ്യാപകമായ രീതിയിൽ ജില്ലാതല പത്ര പരസ്യം, ദൃശ്യ മാദ്ധ്യമത്തിൽ കൂടിയുള്ള പരസ്യം എന്നിവ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നൽകേണ്ടതാണ്.
- കൂടാതെ ജില്ലാതല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന ജില്ലയിലെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ സന്ദർശിച്ച് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നോഡൽ ഐ.ടി.ഐ യിൽ എത്തിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് വേണ്ടി ജില്ലയിൽ വരുന്ന മറ്റ് സർക്കാർ ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ മാർ/മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനവും തങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരം നേരിട്ട് സന്ദർശിച്ച് നടപടി സ്വീകരിക്കേണ്ട സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി രേഖാമൂലം ഓരോ ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തേണ്ടതാണ്. ടി നടപടി ക്രമങ്ങൾ സമയബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2017 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് മുതൽ പ്രാക്ടിക്കൽ എക്സാമിനർമാരെ ഡി.ജി.റ്റി. പോർട്ടൽ മുഖേനയാണ് നിയമിക്കുന്നതെന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ വളരെ കാര്യക്ഷമമായി ടി ജോലികൾ നിർവഹിക്കാൻ എല്ലാ സർക്കാർ ഐ.ടി.ഐ./ആർ.ഐ.സെൻറർ/ബി.റ്റി.സി./എ.വി.റ്റി.എസ്. സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ടി നടപടികൾ 2016 ഒക്ടോബർ മാസത്തിൽ പൂർത്തികരിക്കണമെന്ന് ഡി.ജി.റ്റി. നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ ടി നടപടികൾ 2016 ഒക്ടോബർ 31 ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്. പ്രാക്ടികൽ പരീക്ഷ നടത്തുന്നതിന് ഓരോ സ്ഥാപനത്തിനും വേണ്ടത്ര എക്സാമിനർമാരെ പോർട്ടൽ മുഖേന നിയമിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ടി ജില്ലയിലുള്ള എല്ലാ ഐ.ടി.ഐ./ആർ.ഐ.സെൻറർ/ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ മാർക്ക് മാത്രമായിരിക്കും ഇതിൻെറ പൂർണ്ണ ഉത്തരവാദിത്തം എന്ന് പ്രത്യേകം

ഓർമ്മപ്പെടുത്തുന്നു. വിശദമായ ഗൈഡ്‌ലൈൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ ഐ.ടി.ഐ./ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർക്ക്

എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക് (ടി നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്).

**പകർപ്പ്**

വകുപ്പ് വെബ്സൈറ്റിലേക്ക്

## എക്സാമിനർമാരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് **Approve** ചെയ്യുന്നതിന് ചുമതലപ്പെടുത്തുന്ന ജില്ലാതല നോഡൽ ഐ.ടി.ഐ. കളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജില്ലാതല നോഡൽ ഐ.ടി.ഐ. യുടെ വിവരങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | ഐ.ടി.ഐ. ചാക്ക |
| 2 | കൊല്ലം | ഐ.ടി.ഐ. ചന്ദനത്തോപ്പ് |
| 3 | പത്തനംതിട്ട | ഐ.ടി.ഐ. ചെന്നീർക്കര |
| 4 | ആലപ്പുഴ | ഐ.ടി.ഐ. ചെങ്ങന്നൂർ |
| 5 | കോട്ടയം | ഐ.ടി.ഐ. ഏറ്റുമാന്നൂർ |
| 6 | ഇടുക്കി | ഐ.ടി.ഐ. കട്ടപ്പന |
| 7 | എറണാകുളം | ഐ.ടി.ഐ. കളമശ്ശേരി |
| 8 | തൃശ്ശൂർ | ഐ.ടി.ഐ. ചാലക്കുടി |
| 9 | പാലക്കാട് | ഐ.ടി.ഐ. മലമ്പുഴ |
| 10 | മലപ്പുറം | ഐ.ടി.ഐ. അരിക്കോട് |
| 11 | കോഴിക്കോട് | ഐ.ടി.ഐ. കോഴിക്കോട് |
| 12 | വയനാട് | ഐ.ടി.ഐ. കൽപ്പെറ്റ |
| 13 | കണ്ണൂർ | ഐ.ടി.ഐ. കണ്ണൂർ |
| 14 | കാസർഗോഡ് | ഐ.ടി.ഐ. കാസർഗോഡ് |